നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20　　　　　　　　　　തീയതി.10.12.2021

സർക്കുലർ

To

ജില്ല-ബ്ലോക്ക്-വില്ലേജ് റിസോഴ്സ് പേഴ്സൺമാർ

വിഷയം: ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മനുഷ്യദിനങ്ങൾ കണക്കാക്കുന്നത് - സംബന്ധിച്ച്

വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റിംഗിൽ സുപ്രധാനമായ പങ്കുവഹിക്കുന്നവരാണ് റിസോഴ്സ് പേഴ്സൺമാർ. ജനങ്ങളുടെയും തൊഴിലാളികളുടെയും പദ്ധതിയെ സംബന്ധിച്ച് ബോധവാന്മാരാക്കി പദ്ധതി സാമൂഹ്യ വിലയിരുത്തൽ നടത്തി ജനങ്ങളുടെ മുമ്പാകെ റിപ്പോർട്ട് ചെയ്യുകയും അതുവഴി തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുകയും ചെയ്യുക എന്ന വലിയ ഉത്തരവാദിത്വമാണ് നിങ്ങൾ നിർവ്വഹിച്ചുവരുന്നുത്. അതുകൊണ്ടുതന്നെ ഒരു തൊഴിൽ എന്ന തിനപ്പുറം സാമൂഹ്യ വികസന പ്രവർത്തകരായി മാറുന്നതിനും നിങ്ങൾക്ക് കഴിയേണ്ടതുണ്ട്. സന്നദ്ധത യോടെ ഈ പ്രവർത്തനം ഏറ്റെടുക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം വിജയകര മായി മുന്നോട്ട് കൊണ്ട് പോകുന്നതിന് നമുക്ക് കഴിയുകയുള്ളൂ. ചട്ടപ്പടിയുള്ള 10 മുതൽ 5 വരെയുള്ള പ്രവർത്തി സമയമനുസരിച്ച് പണിയെടുക്കേണ്ടവരല്ല സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർ. എന്നാൽ ഏറ്റവും കുറഞ്ഞത് ഒരു ദിവസം 8 മണിക്കൂർ എങ്കിലും മനുഷ്യാദ്ധ്വാനം വിനിയോഗിക്കാൻ കഴിയുകയും വേണം. സോഷ്യൽ ഓഡിറ്റിംഗുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധന മുതൽ അന്തിമ റിപ്പോർട്ട് എം.ഐ.എസ്സിൽ അപ്-ലോഡ് ചെയ്യുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങൾക്കായി പരമാവധി 8 മനുഷ്യാദ്ധ്വാനദിനങ്ങളാണ് അനുവദനീയമായിട്ടുള്ളത്. അവ താഴെപ്പറയുന്ന വിധത്തിലാണ് കണക്കാക്കിയിരിക്കുന്നത്.

- റിക്കോർഡ് വെരിഫിക്കേഷൻ - 2 ദിവസങ്ങൾ
- ഫീൽഡ് വെരിഫിക്കേഷൻ - 2-3 ദിവസങ്ങൾ
- കരട് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കൽ - 1 ദിവസം
- ഗ്രാമസഭായോഗം - 1 ദിവസം
- പബ്ലിക്ക് ഹിയറിംഗ് - 1 ദിവസം
- **ആകെ - 8 ദിവസങ്ങൾ**

ഇത്തരത്തിൽ മനുഷ്യദിനങ്ങൾ കണക്കാക്കുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട പ്രതിഫലം വിതരണം ചെയ്യാൻ കഴിയുകയെന്ന കാര്യം ഇതോടൊപ്പം സൂചിപ്പിക്കുന്നു. ഇപ്പോൾ പ്രതിഫലം കിട്ടുന്നതിൽ നേരിട്ടുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ ഏറെ വൈകാതെ തന്നെ പരിഹരിക്കുന്നതിന് നമുക്ക് കഴിയും എന്ന കാര്യം കൂടി അറിയിക്കുന്നു. റഗുലർ സോഷ്യൽ ഓഡിറ്റിംഗ് പ്രവർത്തനം ഊർജ്ജിതമായി നടപ്പാക്കുന്നതിൽ മുഴുവൻ പേരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

ഡോ.എൻ.രമാകാന്തൻ
ഡയറക്ടർ

കോപ്പി: എല്ലാ ജില്ലാ റിസോഴ്സ്പേഴ്സൺമാർക്കും
എല്ലാ ബ്ലോക്ക് റിസോഴ്സ്പേഴ്സൺമാർക്കും
എല്ലാ വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്കും
(ബി.ആർ.പി.മാർ വഴി)